# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1825, 07.12.2015 ൽ മറുപടിക്ക്

### 'ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ'

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ | | ഉത്തരം<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ.ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും ക്ഷേമനിധി ആഫീസുകളിലും ജോലി നോക്കി വരുന്നവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ. പി.എഫ്, ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് തുടങ്ങിയവ നല്കേണ്ടത് മാതൃസ്ഥാപനത്തിൽ നിന്നാണോയെന്ന് വിശദമാക്കുമോ ; | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും ക്ഷേമനിധി ആഫീസുകളിലും ജോലി നോക്കി വരുന്നവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ. ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് എന്നിവ ഡെപ്യൂട്ടേഷൻ സ്ഥാപനം തന്നെയാണ് നൽകേണ്ടത്. പി.എഫ് ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും പിടിച്ച് നൽകേണ്ടതാണ്. |
| (ബി) | പെൻഷൻ കോൺട്രിബ്യൂഷനും ലീവ് സറണ്ടറും മറ്റും മാതൃസ്ഥാപനങ്ങളിൽ നിന്നോ ഡെപ്യൂട്ട് ചെയ്യപ്പെട്ട വ്യക്തികളിൽനിന്നു തന്നെയോ അടക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ ? | കെ.എസ്.ആർ ഭാഗം I ചട്ടം 145 (b) പ്രകാരം ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥന്റെ പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കാൻ ഡെപ്യൂട്ടേഷൻ സ്ഥാപനം വിസമ്മതിക്കുന്ന പക്ഷം ഉദ്യോഗസ്ഥൻ തന്നെ പ്രസ്തുത തുക സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. കൂടാതെ കെ.എസ്.ആർ ഭാഗം I ചട്ടം 147 ന കീഴിലെ സർക്കാർ തീരുമാനം 2 പ്രകാരം ലീവ് സറണ്ടർ ഡെപ്യൂട്ടേഷൻ സ്ഥാപനം ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ